വനാവകാശ നിയമം നടപ്പാക്കുന്നതിൽ ഞാൻ എത്തിപ്പെട്ട സന്ദർഭം വളരെ രസകരം ആയിരുന്നു. പഠിക്കുന്ന കാലത്ത് എങ്ങനെ ഒരു നിയമത്തെ കുറിച്ച് ഞാൻ കേട്ടിട്ട് പോലുമില്ല. ഏതാണ്ട് 2012,13കാലത്താണ് നിയമം ഉണ്ട് എന്ന് അറിയുന്നത്. എന്നാൽ ഈ കാലമായപ്പോഴേക്കും എന്റെ ഊരിൽ വനവകാശ നിയമത്തിലെ സെക്ഷൻ 3(1)a പ്രകാരമുള്ള വ്യക്തിഗത അവകാശ രേഖ ഊരുനിവാസികൾക്ക് കൈമാറിയിരുന്നു. ഇക്കാലമത്രയും എന്റെ ഊരുനിവാസികൾ തങ്ങളുടെ കൈകളിൽ ലഭിച്ചിട്ടുള്ള രേഖ എന്താണെന്ന് പോലും അറിയാതെ അവരുടെ ഫോട്ടോ കാർഡ് സൂക്ഷിച്ചു വെച്ചിരുന്നു.2013,14വർഷത്തിൽ നിലമ്പൂർ കീസ്റ്റോൺ ഫൗണ്ടേഷൻ സെന്ററിൽ ജോലി ചെയ്തിരുന്ന രാമു സാറിനോട് ഞാൻ എന്റെ സംശയം ഇങ്ങനെ ചോദിച്ചു.ഊരിലെ പുതിയ തലമുറക്ക് വീടുവെക്കാൻ സ്ഥലം ചോദിച്ചിട്ടുണ്ട്. എന്നാൽ വനം വകുപ്പ് അനുമതി തരുന്നില്ല. ഞാൻ എന്താണ് ചെയ്യേണ്ടത്?. ഇപ്പോൾ ആലോചിക്കുമ്പോൾ മറുപടി വളരെ രസകരമായി തോന്നുന്നു. മറുപടി ഇതായി രുന്നു. എല്ലാ പ്രശ്നങ്ങൾക്കും പരിഹാരമുണ്ട്. പരിഹരിക്കപ്പെടാത്ത പ്രശ്നങ്ങൾ ഇല്ല.എന്നാൽ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്ന സമയത്തിൽ വ്യത്യാസം ഉണ്ടാകും. എന്നെപോലെ യുള്ള ഒരാൾക്ക് ആ സമയത്ത് അത് മനസ്സിലാക്കാൻ പ്രയാസമായിരുന്നു. അതിനു ശേഷം വായിക്കുമോ എന്നന്വേഷിച്ചു .പിനീട് DR അമിതാബ് ബച്ചൻ സാറിന്റെ ഒരു നിയമ പുസ്തകം നൽകുകയും ചെയ്തു .ആ പുസ്തവും വാങ്ങി ഞാൻ എന്റെ വീട്ടിലേക്ക് മടങ്ങി .പ്രശ്നത്തിന് പരിഹാരം കണ്ടെത്തിയ സന്തോഷത്തിലായിരുന്നു ഞാനുണ്ടായിരുന്നത് .വീട്ടിൽ വന്ന് പുസ്തകം തുറന്നുനോക്കി ഒന്നും മനസിലായില്ല .ഏതാണ്ട് മൂന്ന് മാസത്തോളം ആ പുസ്തകം അങ്ങനെ പൊടിയും തീപുകയും പിടിച്ചു വീട്ടിൽ കിടന്നു. പിന്നീടൊരുനാൾ അ പുസ്തകം എടുത്തു വായിച്ചു പതിയെ പതിയെ അതിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളിലെല്ലാം സംശയങ്ങളായി ,സംശയങ്ങൾ ചോദിയ്ക്കാൻ തുടങ്ങി പതിയെ കാര്യങ്ങൾ മനസിലാക്കാൻ തുടങ്ങി . പഴയ രേഖകൾ പരിശോധിക്കാൻ തുടങ്ങി . അസമയത്താണ് എന്നെപോലും ഞെട്ടിച്ചുകൊണ്ട് ഒരു പഴയ മിനുട്സിന്റെ കോപ്പി എനിക്ക് ലഭിക്കുന്നത് അതിൽ ഇങ്ങനെ എഴുതിയിരിക്കുന്നു 29 / 10 / 2009 ഒക്ടോബർ 10 ന് നെടുങ്കയം ഊരിലെ ആദ്യ FRC തെരഞ്ഞെടുപ്പ് 10 അംഗം കമ്മറ്റി തെരഞ്ഞെടുത്തിരിക്കുന്നു അതിൽ എന്റെ പേരുണ്ട് ,ഞാൻ അതിൽ ഒപ്പിട്ടിരിക്കുന്നു .കോളനിയിലെ സർവ്വേ പൂർത്തീകരിച്ചതിൽ ആർക്കും തന്നെ 1 ഏക്കർ ഭൂമിയില്ലായെന്ന് യോഗം വിലയിരുത്തി ആയതിനാൽ 1 ഏക്കർ ഭൂമി ലഭിക്കുന്നതിന് ITDP മുഖേന സർക്കാരിനോട് ആവശ്യപെടാമെന്നു യോഗം തീരുമാനിച്ചു .ആയതിനു കോട്ടക്കുളം ,ശങ്കരൻ കോഡ് ,കാരീരി ,പുളിക്കലക്കൈ പ്രദേശങ്ങൾ നിർദേശിച്ചു .ഇതായിരുന്നു മിനുട്സിൽ ഉണ്ടായിരുന്നത് .എനിക്ക് വല്ലാത്ത

മാനസിക പിരിമുറുക്കം അനുഭവപ്പെട്ടു .ഊരുകൂട്ടം തീരുമാനം ഇതായിരിക്കെ നെടുങ്കയം ഊരിലെ ഓരോ കുടുംബത്തിനും 1 CENT മുതൽ 5 CENT ഭൂമി വരെ വ്യക്തിഗത അവകാശം നല്കിയതിലെ തട്ടിപ്പും ഇത്തരം ഒരു പ്രവർത്തനത്തിന് ഞാനും കരണക്കാരനായല്ലോ എന്ന കുററബോധവും എന്നെ ഇന്ന് ഈ നേരം വരേയ്ക്കും വേട്ടയാടുന്നുണ്ട് .അതുകൊണ്ടുതന്നെ ഞാൻ ചെയ്ത തെററിന് ഞാൻ തന്നെ പരിഹാരം കാണും എന്ന് തീരുമാനിക്കുകയും അതിനുവേണ്ടി തുടർന്ന് പ്രവചിക്കുകയും ചെയ്തു . ഒരു ദിവസം ഒരുകാര്യം അറിയിച്ചു തൃശൂർ ജില്ലയിലെ മലക്കപ്പാറയിൽ ഈ നിയമം നടപ്പിലാക്കിയിട്ടുണ്ട് അത് പോയി കാണാവുന്നതാണ് .അങ്ങനെ നിലബൂരിലെ വിവിധ ഊരുകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ഊരുനിവാസികൾക്കൊപ്പം ഞാനും പോയി 2014 ൽ .അവിടുത്തെ ഊരുനിവാസികളോടൊക്കെ സംസാരിച്ചു .അവർ നടത്തിയകാര്യങ്ങൾ പറഞ്ഞുതന്നു .തിരികെവന്നതിനു ശേഷം എന്റെ ഊരിലെ കുറച്ചു അംഗങ്ങളോട് ഈ വിശേഷങ്ങൾ പങ്കുവെച്ചു പക്ഷെ കുറച്ചു ആളുകൾക്കല്ലാതെ ആർക്കും താത്പര്യമുണ്ടായിരുന്നില്ല .താല്പര്യമുണ്ടായിരുന്ന അംഗങ്ങളോട് വീണ്ടും വീണ്ടും സംസാരിച്ചു ഒരു പ്ലാൻ തയാറാക്കി അതിനെ ഒരു ടൂറിന്റെ രൂപത്തിലാക്കിമാററി . നെടുങ്കയം ഊരിലെ മുപ്പത് പേർ മാത്രം വീണ്ടും മലക്കപ്പാറ സന്ദർശനം നടത്തി .എല്ലാവർക്കും കാര്യങ്ങൾ മനസിലാക്കാൻ ആ യാത്ര ഉപകരിച്ചു . തിരികെയെത്തിയതിനു ശേഷം നിരന്തരം ചർച്ചകൾ നടത്തി 28 / 2 / 2015 ന് നെടുങ്കയം ഊരിന്റെ ആദ്യഊരുകൂട്ടം സമിതി പുനഃക്രമീകരണം നടത്തി . ശേഷം പഴയ രേഖകൾ കണ്ടെടുത്തു .ഫോറം A ,B ,C എന്നിവ ഊരുനിവാസികൾക്ക് പരിചയപ്പെടുത്തി ,തെളിവുകൾ ശേഖരിച്ചു .പ്രവർത്തനങ്ങൾ മന്ദഗതിയിൽ നീങ്ങി 22 / 01/ 2016 ന് ഊരുകൂട്ടത്തിൽ 107 വ്യക്തിഗത അപേക്ഷകളും ,സാമൂഹിക വനവകാശം നേടുന്നതിനുള്ള അപേക്ഷയും ,സാമൂഹിക വനവിഭവ രേഖ ലഭിക്കുന്നതിനുള്ള അപേക്ഷയും ,ഭൂപടവും ഉപജില്ലാ സമിതിക്ക് സമർപ്പിച്ചു .എന്തെങ്കിലും നടപടികൾ അപേക്ഷയിന്മേൽ നടപ്പാക്കും എന്ന് കാത്തിരുന്നു .ഇതിനിടയിൽ 2017 ൽ കെയ്സ്ററോൺ ഫൗണ്ടേഷൻ ,കേരള ആദിവാസി ഫോറം എന്നീ സംഘടനകളുടെ നേതൃത്വത്തിൽ മുണ്ടേരി ഇരുട്ടുകുത്തി ഊരിൽ വെച്ച് ഒ രു ഊരുക്കൂട്ടം സംഗമം നടത്തിയിരുന്നു .എനിക്കും അതിൽ പങ്കുചേരാനുള്ള ഒരു അവസരം ലഭിച്ചു.പിന്നീട് 2018 നെടുങ്കയം ഊരുകൂട്ടത്തിന്റെ നേതൃത്വത്തിൽ ഒരു ഊരുക്കൂട്ടം സംഗമം നെടുങ്കയം ഊരിൽ വെച്ച് നടത്തി .ഇത് ഊരുനിവാസികൾക്ക് പുതിയ ഒരു അനുഭവമായിരുന്നു .ഇരുട്ടുകുത്തി ,വാണിയം പുഴ ,തരിപ്പപൊട്ടി ,തണ്ടൻകല്ല് ,ചെമ്പ്ര ,അപ്പൻ കാപ്പ് ,ഏട്ടപ്പാറ ,നാരങ്ങാപ്പൊയിൽ ,ചേന്നൻ പ്പൊട്ടി ,നെടുങ്കയം ,മുണ്ടക്കടവ് ഊരുനിവാസികൾ ഈ പരിപാടിയിൽ

പങ്കെടുത്തു . അതിനാൽ നിയമത്തിനെ കുറിച്ചുള്ള അറിവുകൾ ,പരമ്പരാഗത ആചാരങ്ങളും അറിവുകളും അതിന്റെ പ്രസക്തിയുമെല്ലാം ഊരുനിവാസികളെ ബോധ്യപ്പെടുത്താൻ സാധിച്ചു .ഒപ്പം 2016 കൊടുത്ത അപേക്ഷയുടെ തീരുമാനം എന്താണെന്നറിയാൻ അന്വേഷിച്ചുകൊണ്ടിരുന്നു .30 / 10 / 2018 ന് 2016 ൽ നൽകിയ 107 വ്യക്തിഗത അപേക്ഷകളും അന്വേഷണ തെളിവുകളുടെ അഭാവത്തിൽ അപേക്ഷ നിരസിച്ചു . അപേക്ഷകൾ ഗ്രാമപഞ്ചായത്തിലേക്ക് തിരികെ അയച്ചു അപേക്ഷകൾ ഗ്രാമപഞ്ചായത്തിൽ നിന്നും ഊരുക്കൂട്ടം സമിതി തിരികെ വാങ്ങി . ഊരുനിവാസികൾക്ക് നിയമത്തിന്മേലുള്ള വിശ്വാസം നഷ്ട്ടപ്പെട്ടു .ഊരുകൂട്ടങ്ങൾ നടക്കാതെയായി . മാസങ്ങൾ കടന്നുപോയി മഴ തകർത്തു പെയ്യാൻ തുടങ്ങി . പതിവുപോലെ 2019 ആഗസ്ത് 9 ന് ലോക ആദിവാസി ദിനം ആചരിക്കുന്നതിനു കേരളാ ആദിവാസി ഫോറം നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത് ഹാൾ ബുക്ക് ചെയ്തു .ഊരുനിവാസികളെ വിവരം അറിയിച്ചു സംഗമ ദിവസത്തിനായി കാത്തിരുന്നു .ഓഗസ്റ്റ് 6=)0തിയതി മുതൽ മഴ ശക്തി പ്രാപിച്ചിരുന്നു വലിയ പ്രതീക്ഷയിലാണ് ഇരിക്കുന്നത് ഓരോ വർഷവും നിലമ്പൂരിലെ കാട്ടുനയ്ക്ക,ചോലനായക്ക ,അറനാടൻ ,പണിയ ,മുതുവാൻ ഗോത്രങ്ങളിലെ അംഗങ്ങൾ ഒത്തുചേരുന്ന ചടങ്ങാണ് പക്ഷേ 8 -)0 തിയതിയിലെ മഴ എല്ലാ പ്രതീക്ഷകളെയും തകിടം മറിച്ചു .കരുളായി ഗ്രാമപഞ്ചായത്തിലെ പുലിമുണ്ട ,മുണ്ടക്കടവ് ,നെടുങ്കയം ഊരുകളെയും പോത്തു കല്ല് ഗ്രാമപഞ്ചായത്തിലെ വാണിയംപുഴ ,തരിപ്പപ്പൊട്ടി തണ്ടൻ കല്ല് ഊരുകളെയും പ്രളയം ബാധിച്ചു .ഒത്തുചേരാനിരുന്ന ഊരുനിവാസികളെല്ലാം രാത്രിയിൽ വനത്തിൽ അഭയം പ്രാപിച്ചു. നേരം വെളുത്തുതത്തോടെ എല്ലാവരെയും ക്യാമ്പിലേക്ക് മാറ്റപ്പെട്ടു. പിനീട് ഊരുകൂട്ടങ്ങളുടെ പ്രവർത്തനങ്ങൾ മന്ദഗതിയിലായി ഊരുനിവാസികളുടെ ഊർജം നഷ്ട്ടപ്പെട്ടു ഓരോ ഊരിലെയും ഓരോ കുടുബവും ഭക്ഷണത്തിനും കിടപ്പാടത്തിനും വേണ്ടി ഗതികെട്ട് ജീവിതം നയിച്ചു .തൊടുവേ കമ്യൂണിറ്റി ഫൗണ്ടേഷന്റെ ആരംഭം.-പ്രളയം കാരണം ക്യാമ്പിൽ താമസിക്കുന്ന നെടുങ്കയം അംഗങ്ങളോട് സംസാരിച്ചിരിക്കുമ്പോഴാണ് വാണിയമ്പുഴ, തരിപ്പപൊട്ടി ഊരുകൾ പൂർണമായും ഇല്ലാതായിരിക്കുന്നു എന്ന വാർത്ത സുധ, അമ്മിണി എന്നിവർ അറിയിക്കുന്നത്. എന്തെങ്കിലും ചെയ്തേ പറ്റൂ അതിന് എങ്ങനെ ഇടപെടാം എന്ന് കമ്മിറ്റി അംഗങ്ങളോട് അന്വേഷിച്ചു വിവരം കീസ്റ്റോൺ ഓഫീസിൽ അറിയിച്ചു. കൊത്തഗിരീ ഓഫീസിൽ നിന്ന് അവശ്യ സാധനങ്ങളുമായി ലോറികൾ ചെറുപുഴ സെന്ററിലേക്ക് വന്നു നെടുങ്കയം ഊരുകൂട്ടം കമ്മിറ്റി അംഗങ്ങൾ ക്യാമ്പിൽ നിന്ന് വന്ന് ഓരോ കുടുബങ്ങൾക്കുമുള്ള കിറ്റുകളാക്കി ഓരോ ഊരിലും എത്തിക്കാനുള്ള സഹായങ്ങൾ ചെയ്തു. പതിയെ ഈ ഗ്രൂപ്പിലേക്ക് അംഗങ്ങൾ വന്നുചേരാൻ തുടങ്ങി.പുലിമുണ്ട, മുണ്ടക്കടവ്, നെടുങ്കയം, ഭൂമികുത്ത്, പാലക്കുന്നു, വള്ളിക്കെട്ട്, കൊട്ടുപാറ, വലിയ പുള്ളി, ചെറിയ പുള്ളി, പാലക്കയം വെറ്റിലക്കൊല്ലി, അമ്പുമല, ഇരുട്ടുകുത്തി, വാണിയം

പുഴ, തരിപ്പപൊട്ടി, കുമ്പളപ്പാറ, തണ്ടൻ കല്ല്, ചെമ്പ്ര, അപ്പൻ കാപ്പ്, ഏട്ടപ്പാറ, നാരങ്ങാപൊയിൽ, ചേ ന്ന ൻ പൊട്ടി, അംബുട്ടാൻ പൊട്ടി, കുനിപാല, മാതിപ്പൊട്ടി, വെള്ളിമുറ്റം എന്നിവിടങ്ങളിൽ കിറ്റ് എത്തിക്കാൻ ഓരോ ഊരിലെയും അംഗങ്ങൾ സഹായിച്ചു. ഇവരെ എല്ലാവരെയും ചേർത്ത് ഒരു സംഘം രൂപീകരിക്കുകയും അതിനു തൊടുവേ കമ്യൂണിറ്റി ഫൗണ്ടേഷൻ എന്ന് പേര് വെക്കുകയും ചെയ്തു. അന്നുമുതൽ ഇവരെല്ലാവരും ഊരിന്റെ പുരോഗതിക്കായി പ്രവർത്തിക്കുമ്പോൾ എന്നും കൂടെയുണ്ട്.നെടുങ്കയം ഊരുകൂട്ടത്തിന്റെയും ഊരുനിവാസികളുടെയും പ്രസരിപ്പ് നഷ്ടപ്പെടാതിരിക്കാൻ ഊരുകൂട്ടങ്ങളുടെ നേതൃത്വത്തിൽ 5 -10 -2019 ന് പ്രളയ സഹായം നല്കിയവർക്കെല്ലാം അനുമോദഹനം നൽകൽ പരിപാടി സംഘടിപ്പിച്ചു .12 -12 -2019 ന് കീസ്റ്റോൺ ഫൗഡേഷൻറെ നേതൃത്വത്തിൽ കരുളായി ഗ്രാമപഞ്ചായത്തു ഹാളിൽ വിവിധ ഊരുകളിൽ പ്രവർത്തിക്കുന്ന FRC കൾക്ക് ശ്രീ DR അമിതാബ് ബച്ചൻ പരിശീലനം നൽകി .2020 ആയപ്പോഴേക്കും ഊരുനിവാസികൾ പ്രളയത്തിൽ നഷ്ടപെട്ട വീടിനും ഭൂമിക്കും പകരം ഭൂമി എന്ന ആവശ്യത്തോടെ പ്രവർത്തിക്കാൻ തുടങ്ങി .എന്നാൽ സർക്കാർ വകുപ്പുകൾ ഈ പ്രശ്നങ്ങളെ അത്ര ഗൗരവമായി കണ്ടില്ല .പല നിയമങ്ങളും വകുപ്പുകളും പറഞ്ഞു ഊരുനിവാസികളുടെ വീര്യം കെടുത്തികൊണ്ടേയിരുന്നു .താമസിക്കാൻ വീടില്ലാത്ത പ്രശനം,കുട്ടികൾക്ക് പഠിക്കാൻ പറ്റാത്ത പ്രശനം ,ഇതെല്ലാം ഊരുനിവാസികളെ ഞെരിച്ചുകൊണ്ടിരുന്ന സമയത്താണ് നിലമ്പൂരിൽ കൊറോണ സ്ഥിതീകരിക്കുന്നതും ഊരിന് പുറത്തുള്ളവർക്ക് ഊരിലേക്ക് പോകാനോ ഊരിലുള്ളവരെ സംരക്ഷണത്തിന്റെ ഭാഗമായി കൂടിച്ചേരാനോ അനുവദിക്കാതിരുന്നത് പ്രശ്നങ്ങൾ സംഘീർണമാക്കി.ഊരുനിവാസികൾക്ക് നിയമത്തിൽ വിശ്വാസം നഷ്ടമായി 2021 വർഷത്തോടെ ഊരുക്കൂട്ടം പ്രവർത്തനങ്ങൾ ഓർത്തലങ്ങളിൽ അവസാനിച്ചു.എങ്കിലും ആദ്യം മുതൽ കൂടെ ഉണ്ടായിരുന്ന കുറച്ചു പ്രവർത്തകർക്ക് നിയമത്തിൽ അല്പം വിശ്വാസം ഉണ്ടായിരുന്നു .കൊറോണയുടെ അധിഖ്യം അവസാനിച്ചതോടുകൂടി അവരോടൊപ്പം 6 –3-2022 ന് ഊരിൽ ഒരു FRC വിലയിരുത്തൽ യോഗം നടത്തുകയും നിലവിലുള്ള കമ്മറ്റി അംഗങ്ങൾക്കൊപ്പം പ്രവർത്തനം അവസാനിപ്പിച്ചുപോയ അംഗങ്ങൾക്ക് പകരം അംഗങ്ങളെ കണ്ടെത്തുകയും ചെയ്തു .17 -3 -2022 ന് ഊരിൽ ഒരു യോഗംവെക്കുകയും FRC പുനഃക്രമീകരണത്തിന്റെ ആവശ്യകത അംഗങ്ങളെ ബോധ്യപ്പെടുത്തുകയും ചെയ്തു . 3 -10 -2022 ന് പുതിയ കമ്മറ്റി അംഗങ്ങളെ ഉൾപ്പെടുത്തി നെടുങ്കയം ഊരിൽ FRC പുനഃക്രമീകരണവും പഞ്ചായത്തുതല അംഗീകാരം നേടലും എന്ന വിഷയത്തിൽ ഊരുക്കൂട്ടം സംഘടിപ്പിച്ചു.പിന്നീട് പഞ്ചായത്തു ഭരണസമിതി അംഗീകാര സർട്ടിഫിക്കറ്റ് ഊരുകൂട്ടത്തിനു ലഭിച്ചു .ഈ അവസരത്തിൽ മുണ്ടക്കടവ് ,പുലിമുണ്ട ഊരുകൂട്ടങ്ങളുടെ അംഗീകാര

സർട്ടിഫിക്കറ്റ് നേടികൊടുക്കാനും സാധിച്ചു .മേല്പറഞ്ഞ ഊരുക്കൂട്ടം എക്സിക്യൂറ്റീവ് അംഗങ്ങളെ മലക്കപ്പാറ ഊരുസന്ദർശനത്തിനു കൊണ്ടുപോയി കാണിക്കാൻ സാധിച്ചു.2023 വർഷത്തിൽ ജനുവരി മാസം 5 -)0 തിയതി പ്രളയാനന്തര ഊരുവികസനം എന്ന പേരിൽ ഊരുകൂട്ടം സംഘടിപ്പിക്കുകയും നിലവിലെ പ്രശ്നങ്ങൾ ഊരുകൂട്ടത്തിൽ അവതരിപ്പിക്കുകയും ചെയ്തു .23 -3 2023ന് നിലവിൽ വ്യക്തിഗത അവകാശപ്രകാരം ലഭിച്ച ഭൂമിയിൽ താമസത്തിനു വീടുവെച്ചു എന്നാൽ അതേ അവകാശത്തിലെ കൃഷിഭൂമി ലഭ്യമാക്കുന്നതിന് അപേക്ഷ സമർപ്പിക്കുന്നതിനുള്ള തീരുമാനം എടുത്തു . കീസ്റ്റോൺ ഫൌണ്ടേഷൻ നിലമ്പൂർ, തൊടുവേ കമ്മ്യൂണിറ്റി ഫൌണ്ടേഷൻ ചെറുപുഴ, കരുളായി. കേരള ആദിവാസി ഫോറം മലപ്പുറം ജില്ല,നിലമ്പൂർ മേഖലയിലെ വിവിധ വനാവകാശ ഊരുകൂട്ടം സമിതികൾ എന്നിവരുടെ നേതൃത്വത്തിലും സഹായ സഹകരണത്തിലും നിലമ്പൂർ മേഖലയിൽ വനാവകാശത്തിനു വേണ്ടി പ്രവർത്തിക്കുന്നവർക്ക് വേണ്ടി പരിശീലനം നൽകാൻ തീരുമാനിച്ചു. വിവിധ വനാവകാശ ഊരുകൂട്ടങ്ങളിൽ നിന്ന് വിദ്യാസമ്പന്നരായ യുവതി യുവാക്കൾക്ക് പാലക്കാട് ജില്ലയിലെ അഗളി കില സെന്ററും അസിംപ്രേംജി യൂണിവേഴ്സിറ്റിയും ചേർന്ന് നടത്തുന്ന " വനാവകാശ നിയമപ്രകാരമുള്ള സാമൂഹിക അവകാശങ്ങൾ ഗോത്ര വിഭാഗങ്ങളിലെ യുവജനങ്ങൾക്കായുള്ള സർട്ടിഫിക്കറ്റ് കോഴ്സ് " എന്ന പരിശീലനപരിപാടിയിൽ അംഗങ്ങളെ പരിശീലനത്തിനു അയക്കാൻ തീരുമാനിച്ചു. കീസ്റ്റോൺ ഫൌണ്ടേഷൻ നിലമ്പൂർ ഓഫീസിൽ വെച്ച് ഓൺലൈൻ ഇന്റർവ്യൂ നടത്തി. തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾ 2023 മെയ് 3 ന് പരിശീലന പരിപാടിയിൽ ജോയിന്റ് ചെയ്തു. പാലക്കാട് അഗളി കില സെന്ററിൽ ഉച്ചക്ക് എത്തി. രജിസ്ട്രേഷൻ നടത്തി. 4-)0 തിയതി ക്ലാസ് ആരംഭിച്ചു. 19/05/2023 വെള്ളിയാഴ്ച വരെ ക്ലാസ് ഉണ്ടായിരുന്നു. 20/5/2023 ശനിയാഴ്ച മുതൽ 28/5/2023 ഞായറാഴ്ച വരെ ആദ്യ FGD ഫീൽഡ് വർക്ക് ഉണ്ടായിരുന്നു. പോത്തുക്കൽ ഗ്രാമപഞ്ചായത്തിലെ ചെമ്പ്ര കാട്ടു നായ്ക്കൻ ഊര്, തണ്ടൻ ക്കല്ല് കാട്ടു നായ്ക്കൻ ഊര്, ചേന്നൻ പൊട്ടി പണിയ ഗോത്ര ഊര്, നാരങ്ങാപൊയിൽ പണിയ ഗോത്ര ഊര് എന്നിവയും കരുളായി ഗ്രാമപഞ്ചായത്തിലെ നെടുങ്കയം പണിയ ഗോത്ര ഊര്, മുണ്ടക്കടവ് കാട്ടു നായ്ക്കൻ ഗോത്ര ഊര്, പുലിമുണ്ട കാട്ടു നായ്ക്കൻ ഗോത്ര ഊര് എന്നിവയുമാണ് തിരഞ്ഞെടുത്തത്. പ്രധാനമായും 3 കാര്യങ്ങളാണ് ഒന്നാം ഘട്ടം FGD യിൽ ചർച്ച ചെയ്തത്.

1) ഊരിൽ സാമൂഹിക വനാവകാശം നടപ്പാക്കുന്നതിനെക്കുറിച്ച് എന്താണ് അഭിപ്രായം?. 2)ഊരിൽ സാമൂഹിക വനാവകാശം നടപ്പാക്കിയാൽ എന്തെല്ലാം ഗുണങ്ങൾ പ്രതീക്ഷിക്കാം.?.

3) ഊരിൽ സാമൂഹിക വനാവകാശം നടപ്പിലാക്കാൻ എന്തെല്ലാം ബുദ്ധിമുട്ടുകൾ ഉണ്ടാകാം.?. ആദ്യ ഘട്ടം FGD പൂർത്തീകരിച്ച് 28/5/2023

ഞായറാഴ്ച ന് തന്നെ തിരിച്ച്ചു പാലക്കാട് അഗളിയിൽ പോയി.
പിന്നീട് 29/5/2023 മുതൽ 10/6/2023 വരെ ക്ലാസ്സ് ഉണ്ടായിരുന്നു.
രണ്ടാം ഘട്ടം FGD 11/6/2023 മുതൽ 25/6/2023 വരെ ആയിരുന്നു.
ഇതിൽ പ്രധാനമായും 1) ഊരിന്റെ ചരിത്രം അറിയൽ. നാരങ്ങാപൊയിൽ, ചേന്നൻ പൊട്ടി, നെടുങ്കയം, മുണ്ടക്കടവ്, പുലിമുണ്ട 2) വനയാത്ര നാരങ്ങാപൊയിൽ, ചേന്നൻ പൊട്ടി, നെടുങ്കയം, മുണ്ടക്കടവ്, പുലിമുണ്ട 3) നിയമ വായന &വീഡിയോ പ്രദർശനം. കരുളായി ഗ്രാമപഞ്ചായത്ത് എന്നിവയാണ് നോക്കിയത്.
25/6/2023 ന് അഗളി കില സെന്ററിലേക്ക് തിരിച്ച്ചു.
26/6/2023 മുതൽ 4/7/2023 വരെ ക്ലാസ് ഉണ്ടായിരുന്നു. 5/7/2023ന് കോഴ്സ് പൂർത്തീകരിച്ച് സർട്ടിഫിക്കറ്റ് വിതരണം നടന്നു. കീസ്റ്റോൺ ഫൌണ്ടേഷൻ, തൊടുവേ കമ്യൂണിറ്റി ഫൌണ്ടേഷൻ, കേരള ആദിവാസി ഫോറം പ്രവർത്തകർ എന്നിവർ പങ്കെടുത്തു. 6/7/2023ന് വിദ്യാർത്ഥി സംഘം നിലമ്പൂരിൽ തിരിച്ച്ചു വന്നു. നിലമ്പൂരിൽ എത്തിയത്തിനു ശേഷം പ്രസ്തുത വിഷയങ്ങൾ  തൊടുവേ കമ്മ്യൂണിറ്റ് ഫൌണ്ടേഷൻ ഭാരവാഹികളുമായി സംസാരിക്കാൻ സാധിച്ച്ചു. ആയതിൻപ്രകാരം തൊടുവേ എക്സിക്യൂട്ടീവ് അംഗങ്ങൾക്ക് 5 ദിവസത്തെ പരിശീലന പരിപാടി സംഘടിപ്പിച്ച്ചു.
20/7/2023 മുതൽ l25/7/2923 വരെ പരിശീലനം നടന്നു. സാമൂഹിക വനാവകാശം ലഭിച്ചാൽ അതാതു സാമൂഹിക വന വിഭവ പരിപാലന മേഖലയിൽ വനസംരക്ഷണത്തോടൊപ്പം വരുമാന സാധ്യത കൂടി ലഭിക്കുന്നതിന്  തൃശൂർ പീച്ചിയിൽ പ്രവർത്തിക്കുന്ന KFRI യിൽ വെച്ച് മുള പുനരുത്പാദന പരിശീലന പരിപാടിയിൽ പങ്കെടുത്തു. 21/8/2023 മുതൽ 25/8/2023 വരെ ആയിരുന്നു പരിശീലന പരിപാടി. 24/8/23 ന് നെടുങ്കയം ഊരിൽ തിരിച്ച്ചു വന്നു.
25/8/2023 ന് വയനാട് കീസ്റ്റോൺ ഓഫീസിൽ പോയി.26/8/2023 ന് പുലർച്ചെക്ക് മൈസൂർ യാത്ര.26/8/2023 മുതൽ 31/8/2023 വരെ മൈസൂരിൽ യൂസിങ് ഡൈവേഴ്സിറ്റി & ഹാബിറ്റാറ്റ് റൈറ്റ് എന്ന മീറ്റിങ്ങിൽ പങ്കെടുത്തു. 31/8/2023 ന് മൈസൂരിൽ നിന്ന് വയനാട്ടിലേക്ക് തിരിച്ച്ചു. 1/9/2023 ന് വയനാട്ടിൽ നിന്ന് നിലബൂരിലേക്ക് തിരിച്ച്ചു. ഓഗസ്റ്റ് 9 ലോക ആദിവാസി ദിനത്തിൽ ആദിവാസി ദിനത്തോടനുബന്ധിച്ച്ചു കരുളായി ഗ്രാമപഞ്ചായത്തിലെ നെടുങ്കയം ഊരിൽ വെച്ച് പണിയ ഗോത്ര വനാവകാശ ഊരുകൂട്ടം സമിതിയുടെ സഹകരണത്തോടെ"എങ്കള ചെമ്മം സാമൂഹിക വനാവകാശത്തിലേക്കൊരു ചുവടു വെപ്പ് " എന്നപേരിൽ പാരമ്പര്യ ഭക്ഷണമേള, സാമൂഹിക വനാവകാശം ഊരിൽ നടപ്പിലാക്കുന്നതിനെ കുറിച്ച്ചുള്ള യുവജനങ്ങളുമായുമുള്ള ചർച്ച, പാരമ്പര്യ ഇലക്കറികളുടെ ഹെർബേറിയം പ്രദർശനം എന്നിവ നടത്തി. മലപ്പുറം ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ ഇസ്മായിൽ മൂത്തേടം പരിപാടി ഉത്ഘാടനം

ചെയ്തു. കാളികാവ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, കരുളായി ഗ്രാമപഞ്ചായത്ത് പ്രതിനിധികൾ, പോത്തുക്കൽ ഗ്രാമപഞ്ചായത്ത് പ്രതിനിധികൾ,പട്ടികവർഗ വികസന വകുപ്പ് ഉദ്യോഗസ്ഥർ, വനം വകുപ്പ് ഉദ്യോഗസ്ഥർ, പെരിന്തൽമണ്ണ സബ് കളക്ടർ ശ്രീ. ശ്രീധന്യ അവർകൾ, അസിസ്റ്റന്റ് കലക്ടർ വിവിധ വനാവകാശ ഊരുക്കൂട്ടം സമിതി അംഗങ്ങൾ, ഊരുനിവാസികൾ എന്നിവർ പങ്കെടുത്തു. 11/9/2023 ന് കേരള മഹിളാ സമഖ്യാ സൊസൈറ്റി മലപ്പുറം ജില്ല നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ വെച്ച് നടത്തിയ ആദിവാസി ദിനാഘോഷത്തിൽ " വനാവകാശ നിയമം - അവകാശം സംരക്ഷകൻ എന്ന നിലയിൽ ഒരു വ്യക്തിഗത അവാർഡ് ലഭിച്ചു. 14/9/2023 ന് നിലമ്പൂർ കോവിലകം സന്ദർശനം. 25/9/2023 മുതൽ 31/9/2023 വരെ വനാവകാശ ഊരുക്കൂട്ടം സമിതി എക്സിക്യൂട്ടീവ് അംഗങ്ങൾക്കും വിവിധ സംഘടനകളിൽ പ്രവർത്തിക്കുന്നവരും വിവിധ വനാവകാശ ഊരുകൂട്ടം പ്രതിനിധികളുമായ ആദിവാസികളായ മുൻ നിര പ്രവർത്തകർക്കും കൊല്ലം ജില്ലയിലെ കൊട്ടാരക്കര കില സെന്ററിൽ വെച്ച് സാമൂഹിക വനാവകാശ നിയമം പരിശീലന പരിപാടി സംഘടിപ്പിച്ചിരുന്നു. 2023 സെപ്റ്റംബർ 26,27തീയതികളിൽ വിവിധ വനാവകാശ ഊരുകൂട്ടം സമിതി എക്സിക്യൂട്ടീവ് അംഗങ്ങൾക്കും 28,29തീയതികളിൽ മുൻനിര പ്രവർത്തകർക്കുമാണ് പ്രസ്തുത വിഷയത്തിൽ പരിശീലനം നൽകിയത്. പോത്തുക്കൽ ഗ്രാമപഞ്ചായത്തിലെ നാരങ്ങാപൊയിൽ, ചേന്നൻ പൊട്ടി ഊരുകളിൽ നിന്നും, കരുളായി ഗ്രാമപഞ്ചായത്തിലെ പുലിമുണ്ട, മുണ്ടക്കടവ്, നെടുങ്കയം ഊരുകളിലെ വനാവകാശ ഊരുകൂട്ടം സമിതി എക്സിക്യൂട്ടീവ് അംഗങ്ങൾക്കുമാണ് പരിശീലനം നൽകിയത്. 3/10/2023 മുതൽ 13/10/2023 വരെ തൃശൂർ ജില്ലയിലെ പീച്ചി KFRI യിൽ വെച്ച് വനാവകാശ നിയമത്തിലെ സാമൂഹിക വനാവകാശത്തിൽ ഉൾപ്പെട്ട ഒരു പ്രധാന അവകാശമായ "ഭൗതിക സ്വത്തവകാശത്തെ" മുൻനിർത്തി പാരമ്പര്യ തടിയിതര വനവിഭങ്ങളെ നൂതന മാർഗത്തിലൂടെ മൂല്യവർധന ഉത്പന്നങ്ങൾ ആക്കി മാറ്റുകയും അവയിലൂടെ പാരമ്പര്യ അറിവുകളെ സംരക്ഷിക്കുകയും ഊരുനിവാസികളുടെ സാമ്പത്തിക ഉന്നമനം ഉയർത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് ഈ പരിശീലന പരിപാടി സംഘടിപ്പിച്ചത്. പ്രസ്തുത പരിശീലന പരിപാടിയിൽ നെടുങ്കയം, പുലിമുണ്ട, നീർപ്പുഴ മുക്കം,എന്നീ ഊരുകളിൽ നിന്നും പാലക്കാട് ജില്ലയിലെ ഗോഞ്ചിയൂർ, സമ്പർക്കോട്, സൈലന്റ് വാലി, മലക്കപ്പാറ അടിച്ചിൽതൊട്ടി പാലപിള്ളി എന്നീ ഊരുകളിൽ നിന്നും നിവാസികൾ പങ്കെടുത്തു.കൊല്ലം കൊട്ടാരക്കര കില സെന്ററിൽ നിന്നും സാമൂഹിക വനാവകാശ നിയമത്തിൽ പരിശീലനം ലഭിച്ചവരുടെ നേതൃത്വത്തിലാണ് ഇപ്പോൾ ഊരുകളിൽ യോഗങ്ങൾ സംഘടിപ്പിക്കുന്നത്. 17/10/2023ന് രാവിലെ 10 മണിക്ക് ചേന്നൻ പൊട്ടി ഊരിൽ ഊരുമൂപ്പൻ ശ്രീ

ജയകൃഷ്ണൻ അവർകളുടെ വീട്ടിൽ ഊരുമൂപ്പന്റെ അധ്യക്ഷതയിൽ യോഗം ചേർന്നു. കീസ്റ്റോൺ ഫൌണ്ടേഷൻ ഫീൽഡ് വർക്കറും CFR സ്റ്റുഡന്റ് ഗ്രൂപ്പ് അംഗവും തൊടുവേ കമ്മ്യൂണിറ്റി ഫൌണ്ടേഷൻ ഭാരവാഹിയുമായ ശ്രീ അനീഷ് നീർപ്പുഴ മുക്കം നേതൃത്വം നൽകി.അന്നേ ദിനത്തിൽ വൈകുന്നേരം 7മണിക്ക് പുലിമുണ്ട ഊരിൽ പ്രസ്തുത വിഷയത്തിൽ യോഗം ചേർന്നു. സാമൂഹിക വന വിഭവ മേഖലാ പരിപാലന സമിതി എക്സിക്യൂട്ടീവ് അംഗവും സമിതി സെക്രട്ടറിയുമായ ശ്രീ ബാബുരാജ് അവർകളുടെ വീട്ടിൽ വെച്ചാണ് യോഗം ചേർന്നത്. CFR സ്റ്റുഡന്റ് ഗ്രൂപ്പ് അംഗവും തൊടുവേ കമ്മ്യൂണിറ്റി ഫൌണ്ടേഷൻ ഭാരവാഹിയുമായ ശ്രീ അജിത്ത് യോഗത്തിന് നേതൃത്വം നൽകി.19/10/2023ന് രാവിലെ 10 മണിക്ക് പണിയ ഗോത്ര വനാവകാശ ഊരുക്കൂട്ടം സമിതി നെടുങ്കയത്തിന്റെ FRC ഓഫീസിൽ വെച്ച് പ്രസ്തുത വിഷയത്തിൽ യോഗം നടന്നു. കീസ്റ്റോൺ ഫൌണ്ടേഷൻ ഫീൽഡ് കോഡിനേറ്റർ ശ്രീ സുനിൽ കുമാർ, CFR സ്റ്റുഡന്റ് ഗ്രൂപ്പ് അംഗവും തൊടുവേ കമ്മ്യൂണിറ്റി ഫൌണ്ടേഷൻ ഭാരവാഹികളുമായ കുമാരി നന്ദന, കുമാരി കാവ്യ എന്നിവർ യോഗത്തിന് നേതൃത്വം നൽകി.

യോഗ തീരുമാനം ചുവടെ ചേർക്കുന്നു. 1)10 ദിവസത്തിൽ ഒരിക്കൽ ഓരോ വനാവകാശ ഊരുക്കൂട്ടങ്ങളിലെയും FRC, CFRMC സമിതി എക്സിക്യൂട്ടീവ്അംഗങ്ങളുടെ യോഗം ചേരലും ഊരിനെ വിലയിരുത്തലും. O2)ഓരോ വനാവകാശ തിരഞ്ഞെടുക്കപ്പെട്ട ഓരോ ഊരിലെയും കുടുംബങ്ങളെ ചെമ്മം അടിസ്ഥാനത്തിൽ സർവ്വേ നടത്തൽ. 3)ഓരോ ചെമ്മത്തിലും ഉൾപ്പെടുന്ന 18മുതൽ 40 വയസ് വരെ പ്രായമുള്ള അംഗങ്ങളെ ചെറിയ സംഘങ്ങളാക്കി അവർക്ക് വനാവകാശ നിയമം ബോധവൽക്കരണം നൽകൽ അഥവാ ആക്ട് പഠിപ്പിക്കൽ. 4)പുതിയ തലമുറയും -വന ബന്ധങ്ങളും എന്ന വിഷയത്തിൽ ജനങ്ങളുടെ വനത്തോടുള്ള സമീപനം മനസിലാക്കലും FRA - CFR പ്ലാൻ ഒരു ലഘു വിവരണം നൽകൽ. 5)ഓരോ ചെമ്മത്തിലെയും അംഗങ്ങൾക്ക് ബോധവൽക്കരണം നൽകി കഴിഞ്ഞാൽ CFR നേടാനുള്ള ഒരുക്കമായി എന്നറിയിച്ചുകൊണ്ട് CFR ന് വേണ്ടി ഒരു ഊരുക്കൂട്ടം വെക്കാൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് കത്ത് നൽകൽ. 6)ഊരുകൂട്ടത്തിന് ശേഷം ഭൂപടം തയാറാക്കൽ, അപേക്ഷ തയാറാക്കൽ, തെറ്റ് തിരുത്തൽ പ്രക്രിയകൾ. 7) Gps സർവ്വേ നടത്തുന്നതിന് വനം വകുപ്പ്, ഗ്രാമപഞ്ചായത്ത്, പട്ടിക വർഗ വികസന വകുപ്പ് റവന്യു വകുപ്പ് തുടങ്ങിയ വകുപ്പുകൾക്ക് കത്ത് നൽകൽ. 8)Gps സർവ്വേ ആരംഭം. ലഭ്യമായ ഭൂപടം, അനുബന്ധ തെളിവുകളും ഊരുക്കൂട്ടം വിളിച്ചു ഉപജില്ലാ സമിതിക്ക് കൈമാറൽ.അജണ്ട

1) വനാവകാശ നിയമത്തെ കുറിച്ച് ക്ലാസ്സ്.

2) സാമൂഹിക വനാവകാശ ത്തെ കുറിച്ചും കമ്മ്യൂണിറ്റി റൈറ്റ് നെ കുറിച്ചും ഊരുനിവാസികൾക്ക് വിശദമായി പറഞ്ഞു മനസിലാക്കൽ

3)

അമുഖം

29/11/2023 ന് രാവിലെ 10 മണിക്ക് നെടുങ്കയം ഊരിലെ കമ്യൂണിററി ഹാളിൽ വെച്ച് വനാവകാശ ഊരുകൂട്ടം യോഗം ചേർന്നു. യോഗത്തിലേക്ക് എത്തിച്ചേർന്ന മുഴുവൻ ഊരുനിവാസികളെയും st പ്രമോട്ടർ ശ്രീമതി സുധി അവർകൾ സ്വാഗതം ചെയ്തു.ഊരുമൂപനുവേണ്ടി ശ്രീമതി ചന്ദ്രിക അധ്യക്ഷത വഹിച്ചു. കരുളായി ഗ്രാമപഞ്ചായത്ത് ഓഫീസിനെ പ്രതിനിധീകരിച്ചു 6-)0വാർഡ് മെമ്പർ ശ്രീ അബ്ദുൽ റഹ്മാൻ, കീസ്റ്റോൺ ഫൌണ്ടേഷൻ നിലമ്പൂർ നെ പ്രതിനിധീകരിച്ചു ഫീൽഡ് കോഡിനേറ്റർ ശ്രീ സുനിൽ കുമാർ, തോടുവേ കമ്മ്യൂണിററി ഫൌണ്ടേഷൻ നെ പ്രതിനിധികരിച്ചു ശ്രീ അനീഷ് നീർപ്പുഴ മുക്കം, എന്നിവരും CFR മാപ്പിംഗ് സഹായികളായി കുമാരി നന്ദന, കാവ്യ എന്നിവരും പങ്കെടുത്തു. കരുളായി ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ സുരേഷ് ബാബു അവർകൾ ചടങ്ങ് ഉത്ഘാടനം ചെയ്തു. ശ്രീമതി കാവ്യ നെടുങ്കയത്തിന്റെ കൃതക്ഞ്ഞതാ പ്രകാശനത്തോടെ,യോഗധ്യക്ഷന്റെ അനുമതിയോടെ യോഗം പിരിച്ചു വിട്ടു. ഊരുക്കൂട്ടം ചർച്ചയും തീരുമാനങ്ങളും ചുവടെ ചേർക്കുന്നു.

1)വനാവകാശ നിയമം 2006 എന്ന് അറിയപ്പെടുന്ന 2006-ലെ പട്ടിക ഗോത്ര വർഗ്ഗങ്ങളും മററു പരമ്പരാഗത വനവാസികളും (വനാവകാശങ്ങൾ അംഗീകരിക്കൽ ) ആക്ററ് എന്നാണ് ഈ നിയമത്തിന്റെ യഥാർത്ഥ പേര് എന്ന് പറഞ്ഞു മനസിലാക്കി. നിയമത്തിന്റെ ആമുഖം വായിച്ചു.വനവാസികളായ പട്ടിക ഗോത്ര വർഗങ്ങളുടെ അംഗീകൃത അവകാശങ്ങളിൽ നിലനിർത്താവുന്ന ഉപയോഗത്തിനുള്ള ഉത്തരവാദിത്വങ്ങളും അധികാരവും ജൈവ വൈവിധ്യം സംരക്ഷിക്കലും പാരിസ്ഥിതിയ സന്തുലനം നിലനിർത്തലും അതുവഴി ഊരുനിവാസികളുടെ ഉപജീവനവും ഭക്ഷ്യസുരക്ഷയും ഉറപ്പുവരുത്തിക്കൊണ്ട് വനങ്ങളുടെ സംരക്ഷണവും കൂടാതെ ഊരുനിവാസികളുടെ പൈതൃക ഭൂമിയിന്മേലുള്ള വനവകാശങ്ങളും അവരുടെ സ്വാഭാവിക വാസസ്ഥാനവും പര്യാപ്തമായി അംഗീകരിക്കപ്പെടാതിരുന്നതിന്റെ ഫലമായി ചരിത്രപരമായ അനീതി ഉണ്ടായിട്ടുള്ളതിനാലുമാണ്. ഈ നിയമം നിലവിൽ വന്നത് എന്നും പറഞ്ഞു. ഊരുനിവാസികളുടെ ജന്മവകാശങ്ങളുടെയും പ്രവേശനവകാശങ്ങളുടെയും ദീർഘകാലമായി നിലനിൽക്കുന്ന അരക്ഷിതത്വം ശ്രദ്ധയിൽ കൊണ്ടുവരേണ്ടത് ആവശ്യമായിത്തീർന്നിരിക്കുന്നതിനാലും ഭാരത റിപ്പബ്ലിക്കിന്റെ 57-)0സംവത്സരത്തിൽ പാർലമെന്റ് ഈ നിയമം ഉണ്ടാക്കിയത്.

നിയമത്തിനു പ്രധാനമായും 3ഭാഗങ്ങളായി തിരിക്കാൻ കഴിയും.

വ്യക്തിഗതം, സാമൂഹികം, വികസനം

2024വർഷത്തിൽ സുപ്രധാനമായ ചില പ്രവർത്തനങ്ങൾ നടന്നു. 1-2-2024 ന് കരുളായി ഗ്രാമപഞ്ചായത്തിലെ നെടുങ്കയം ഊരിൽ പ്രവർത്തിച്ചു വരുന്ന പണിയ ഗോത്ര വനാവകാശ ഊരുകൂട്ടം സമിതി 2024ഫെബ്രുവരി 2-)0 തിയതി

തൊടുവേ കമ്മ്യൂണിറ്റി ഫൌണ്ടേഷന്റെ "എങ്കള ചെമ്മം" സാമൂഹിക വനാവകാശത്തിലേക്കൊരു ചുവടുവെപ്പ് എന്ന പേരിൽ വനാവകാശ ഊരുകൂട്ടത്തിന്റെ വ്യക്തിഗത വനാവകാശ അപേക്ഷകളും സാമൂഹിക വനാവകാശ അപേക്ഷയും ഉപജില്ലാ സമിതി മുൻപാകെ സമർപ്പിച്ചിരുന്നു.2024 ഒക്ടോബർ 3-)0തിയതി ഉപജില്ലാ സമിതിയുടെ നേതൃത്വത്തിൽ ഒന്നാം ഘട്ടം ഭൂമി പരിശോധന നടത്തി. ഊര് നിവാസികൾ കാണിച്ചു കൊടുത്ത ഭൂമി വനഭൂമിയല്ലെന്നും പ്ലാന്റേഷൻ ആയതിനാൽ ഊരുകൂട്ടത്തിന് ഭൂമി വിട്ടു നൽകാൻ സാധിക്കില്ല എന്ന വിവരവും വനം വകുപ്പ് ഉപജില്ലാ സമിതി മുൻപാകെ അറിയിച്ചു. അപേക്ഷകൾ പൂർണമായും തള്ളണം.എന്ന ആവശ്യവും ശക്തമായ സമയത്താണ് ഊരുകൂട്ടം സമിതി ഉപജില്ലാ സമിതി ചെയർപേഴ്സൺ കൂടിയായ സബ് കളക്ടറോട് ഭൂമി നേരിൽ സന്ദർശിച്ചു ഊരുകൂട്ടം നൽകിയ തെളിവുകൾ ഉറപ്പ് വരുത്തണമെന്ന് ആവശ്യപ്പെട്ടു. ആയതു പ്രകാരം 28/2/2025,1/3/2025 തീയതികളിൽ പണിയ ഗോത്ര വനാവകാശം ഊരുകൂട്ടം ആവശ്യപ്പെട്ട കോട്ടക്കുളം, ശങ്കരൻ കോഡ്, കാരീരി മേഖലയിലെ ഭൂ തെളിവുകൾ നേരിൽ കണ്ടു ഉറപ്പ് വരുത്തി മടങ്ങി. 22/4/2025 ചൊവ്വാഴ്ച വൈകുന്നേരം 3 മണിക്ക് ഉപജില്ലാ സമിതി അംഗം ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറുടെ ഓഫീസിൽ നിന്ന് അറിയിപ്പ് ലഭിച്ചു. 24/4/2025 ബുധനാഴ്ച രാവിലെ 11 മണിക്ക് തെളിവുകൾ നൽകിയതിന്റെ അടിസ്ഥാനത്തിൽ ഭൂമി അനുവദിച്ചിട്ടുണ്ടെന്നും ആയതിൻപ്രകാരം അതിർത്തി നിർണയം നടത്തുന്നതിന് റവന്യു വകുപ്പ് ഉദ്യോഗസ്ഥർ സ്ഥലം സന്ദർശനം നടത്തുമെന്നും അറിയിച്ചു.23/4/2025 ബുധനാഴ്ച രാവിലെ 11 മണിക്ക് റവന്യു ഉദ്യോഗസ്ഥർ നെടുങ്കയം ഊരിലെത്തുകയും FRC അംഗങ്ങളെ നേരിൽ കാണുകയും അവരുടെ തീരുന്നപ്രകാരം മൂന്നു ചെമ്മത്തിന്റെയും അതിർത്തി കാണാൻ പുറപ്പെട്ടു. ആദ്യം കോട്ടക്കുളം ചെമ്മത്തിന്റെ അതിർത്തി നിർണയം നടന്നു. ശേഷം ശങ്കരൻ കോഡ് ചെമ്മത്തിന്റെ അതിർത്തി നിർണയം നടന്നു. പിന്നീട് കാരീരി ചെമ്മത്തിന്റെ അതിർത്തി നിർണയം നടത്തി മടങ്ങി.ഭൂമി സർവ്വേ നടത്തുന്നതിന് വരുന്ന ചിലവുകൾക്ക് എത്രത്തോളം തുക വകയിരുത്തണം എന്നറിയാൻ വേണ്ടിയാണ് നിലവിൽ മൂന്നു ചെമ്മത്തിന്റെയും അതിർത്തികളിലെ നാല് GPS പോയിന്റുകൾ വീതം എടുത്തത്..പിന്നീട് ഒരു gps സർവ്വേ നടത്തുന്നതിനുള്ള കത്ത് ലഭിക്കുന്നത് 2025 സെപ്റ്റംബർ 28 നാണ് .കത്ത് എന്റെ കയ്യിൽ എത്തുന്നത് ആ മാസത്തിൽ CWB പ്രോഗ്രാം റിവ്യൂ സമയത്താണ് .ആ ഒരുസമയത്തു വളരെയധികം മാനസിക സംഘർഷം അനുഭവിച്ചു.കത്ത് ഡിപ്പാർട്ട് മെന്റിൽ നിന്ന് അയക്കുന്നത് നമ്മൾ ജോലിക്കാരാണോ അല്ലയോ എന്നൊന്നും നോക്കിയല്ലല്ലോ .അവരുടെ കാഴ്ചപ്പാടിൽ എല്ലാ എക്സിക്യൂറ്റീവ് അംഗങ്ങളും ഊരിൽ തന്നെയുണ്ടാകും എന്ന് വിശ്വാസത്തോടെയായിരിക്കാം ഇത്തരത്തിൽ ഷോർട് നോട്ടീസ് നൽകിയത് . അതുകൊണ്ടുതന്നെ എക്സിക്യൂറ്റീവ് അംഗങ്ങൾക്ക് കത്തുകളുടെ ലിങ്ക്

അയച്ചുകൊടുത്തു .മെമ്പർമാർക്ക് ഫോണിൽ അത് നോക്കാൻ അറിയാത്ത പ്രശനം ,വിളിക്കാൻ റൈഞ്ചു ഇല്ലാത്ത പ്രശനം ,എനിക്കാണെങ്കിൽ റിവ്യൂ മീറ്റിങ്ങും .ഈ പ്രശ്നങ്ങൾക്കിടയിൽ സർവ്വേ ടീം ഊരു സന്ദർശനം നടത്തി .ഊരിൽ കമ്മറ്റി അംഗങ്ങൾ ഉണ്ടായിരുന്നില്ല .വനം വകുപ്പ് പങ്കെടുത്തിരുന്നില്ല .സർവ്വേ മുടങ്ങി .അവർ മടങ്ങിപ്പോയി .പിന്നീട് വയനാട് എംപി ശ്രീ പ്രിയങ്ക ഗാന്ധി നെടുങ്കയം ഊരുസന്ദർശനം നടത്തിയ സമയത്ത് അവരോട് ഈ വിഷയങ്ങൾ അവതരിപ്പിക്കാനുള്ള അവസരം ലഭിച്ചു .അതെ സമയത്തു അവിടെ TEO ,DFO എന്നിവർ ഉണ്ടായിരുന്നു .എംപി അവരോട് വിഷയങ്ങൾ സംസാരിച്ചു .ഊരുനിവാസികളെ നേരിൽ കണ്ട് പ്രശനങ്ങൾ പരിഹരിക്കുമെന്ന് ഉറപ്പു കൊടുത്തുമടങ്ങി .2025 ഒക്ടോബർ 15 നെടുങ്കയം ഊരിന് CFR രേഖ കൈമാറി.എന്നാൽ 2025 ഏപ്രിൽ മാസത്തിൽ നടന്ന റവന്യൂ സർവ്വേയിൽ SDLC ക്ക് ഊരുക്കൂട്ടം നൽകിയ വ്യക്തിഗത അപേക്ഷകരിൽ ചിലർ മരണപെട്ടതായി കണ്ടെത്തുകയും അപേക്ഷകൾ മാററി നൽകുവാനും അറിയിച്ചു .ആയതുപ്രകാരം മുൻപ് നിരസിക്കപ്പെട്ട 107 അപേക്ഷകളും വീണ്ടും സമർപ്പിക്കാൻ 2025 നവംബർ മാസം 9 ന് ചേർന്ന എക്സിക്യൂററീവ് യോഗം തീരുമാനിച്ചു .

ഊരുക്കൂട്ടം പ്രവർത്തനങ്ങൾ കീസ്റ്റോൺ നിലമ്പൂരിൽ നടപ്പാക്കാൻ തുടങ്ങിയത് രാമചന്ദ്രൻ സാറിന്റെ നേതൃത്വത്തിൽ ആയിരുന്നു. അന്ന് കീസ്റ്റോൺ ഫൗണ്ടേഷന്റെ കൂടെ കേരള മഹിളാ സമഖ്യാ സോസൈറ്റി, കേരള ആദിവാസി ഫോറം, പോത്തുക്കല്ല് ഗ്രാമപഞ്ചായത്ത്, അമരമ്പലം ഗ്രാമപഞ്ചായത്ത്, പോത്തുക്കല്ല് വനം വകുപ്പ് ഓഫീസ് എന്നീ സ്ഥാപനങ്ങൾ ഉണ്ടായിരുന്നു. പോത്തുക്കല്ല് ഗ്രാമപഞ്ചായത്തിലെ ഇരുട്ടുക്കുത്തി, വാണിയം പുഴ, തരിപ്പപൊട്ടി, കുമ്പളപ്പാറ, തണ്ടൻ കല്ല് ഊരുകളുടെ വനവകാശ പ്രവർത്തനങ്ങളാണ് ആദ്യഘട്ടമായി തുടങ്ങിയത്.ഇരുട്ടുകുത്തി ഫോറെസ്റ്റ് സ്റ്റേഷനിൽ ഡെപ്യുട്ടി റേഞ്ച് ഓഫീസർ ആയിരുന്ന ശ്രീ സുഗതൻ സർ, മഹിളാ സമഖ്യാ പ്രവർത്തകരായ ശ്രീ റജീന, ആയിഷ, ആദിവാസി ഫോറം പ്രവർത്തകരായ ശ്രീ മതി ലക്ഷ്മി ബാബു, അനീഷ് വി, ഗ്രാമപഞ്ചായത്ത് വാർഡ് മെമ്പർമാർ എന്നിവർ ഈ പ്രവർത്തനങ്ങളിൽ പങ്കാളികളായി. പിന്നീട് വയനാട് ഓഫിസ് ആരംഭിക്കുകയും സാർ അങ്ങോട്ട് മാറുകയും ചെയ്തതോടുകൂടിയാണ് എന്നിലേക്ക് ഈ പ്രവർത്തനങ്ങൾ എത്തുന്നത്. ഇന്നിപ്പോൾ നിരന്തര പ്രവർത്തനത്തിന്റെ ഭാഗമായി മേൽപറഞ്ഞ ഊരുകളിൽ FRC, CFRMC സമിതികളുണ്ട്, ഇടപ്പെട്ട ചില ഊരുകൾക്ക് വ്യക്തിഗത അവകാശ രേഖയും, സാമൂഹിക വനവകാശ രേഖയും, സാമൂഹിക വനവിഭവ രേഖയും ലഭിച്ചു. ഒരു വനവകാശ ഊരുകൂട്ടം ഏകോപന സമിതിയുണ്ട്. വിവിധ ഊരുകൂട്ടം പ്രതിനിധികൾ ഉൾപ്പെട്ട് പ്രവർത്തിക്കുന്ന തൊടുവേ കമ്മ്യൂണിററി ഫൗണ്ടേഷനും അവരുടെ എങ്കളച്ചെമ്മം പ്രോഗ്രാമും ഉണ്ട്.